പോലീസ് വകുപ്പ്

കേരളം

**No. U1-233352/2024/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,

തിരുവനന്തപുരം

✉phq.pol@kerala.gov.in

📞04712721547

തീയതി. 18-01-2025

**സർക്കുലർ നം. 16/2010**

വിഷയം : രക്ഷിതാക്കളുടെയും, മുതിർന്ന പൗരന്മാരുടെ ക്ഷേമം - പോലീസിന്റെ ഉത്തരവാദിത്തം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

ഭാരത സർക്കാർ "രക്ഷിതാക്കളുടെയും, മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമം 2007" (2006 ലെ കേന്ദ്ര നിയമം 56) പ്രഖ്യാപിച്ചിട്ടുള്ളതാണ്. കേരള സർക്കാർ ഈ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി "കേരള മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ് 2009" വിജ്ഞാപനം ചെയ്യുകയും ചെയ്തു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 20, മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് പോലീസ് നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നു.

മേൽപറഞ്ഞ സാഹചര്യത്തിൽ, പ്രസ്തുത നിയമത്തിലെയും, അതിനുകീഴിലുള്ള ചട്ടങ്ങളുടെയും കർശനമായ നിർവ്വഹണത്തിനായി ചുവടെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

എ) പോലീസ് കമ്മീഷണർമാർ /ജില്ലാ പോലീസ് മേധാവിമാർ എന്നിവർ മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളേണ്ടതാണ്.

ബി) എല്ലാ പോലീസ് സ്റ്റേഷനുകളും, അവയുടെ അധികാര പരിധിക്കുള്ളിൽ താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ, പ്രത്യേകിച്ച് തനിച്ച് താമസിക്കുന്നവരുടെ (അതായത്, അവരുടെ വീട്ടിൽ മുതിർന്ന പൗരന്മാരല്ലാതെ മറ്റൊരു അംഗങ്ങളും ഇല്ലാതെ) പുതുക്കിയ പട്ടിക സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ രജിസ്റ്ററിനെ "**മുതിർന്ന പൗരന്മാരുടെ രജിസ്റ്റർ**" എന്ന് വിളിക്കുന്നതാണ്. ഈ രജിസ്റ്ററിൽ മുതിർന്ന പൗരന്റെ പേര്, വിലാസം, ലിംഗഭേദം, ജനനതീയതി/പ്രായം, ടെലഫോൺ നമ്പർ, തൊട്ടടുത്ത അയൽക്കാർ/ബന്ധുവിനെ ബന്ധപ്പെടാനുള്ള നമ്പർ തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

സി) പോലീസ് സ്റ്റേഷനിൽ നിന്നും ഒരു പ്രതിനിധി, കഴിയുന്നിടത്തോളം, ഒരു സാമൂഹ്യ പ്രവർത്തകൻ അല്ലെങ്കിൽ സന്നദ്ധ പ്രവർത്തകനോടൊന്നിച്ച്, അത്തരം മുതിർന്ന പൗരന്മാരെ കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും സന്ദർശിക്കേണ്ടതും, അവരിൽ നിന്നും സഹായത്തിനായി അഭ്യർത്ഥന ലഭിച്ചാലുടൻ തന്നെ എത്രയും പെട്ടെന്ന് അവരെ സന്ദർശിക്കേണ്ടതുമാണ്.

ഡി) മുതിർന്ന പൗരന്മാരുടെ പരാതികൾ/പ്രശ്നങ്ങൾക്ക് പോലീസ് ഉടനടി പരിഹാരം കണ്ടെത്തേണ്ടതാണ്.

ഇ) ഓരോ പോലീസ് സ്റ്റേഷനിലും ഒന്നോ അതിലധികമോ സന്നദ്ധ സമിതി(കൾ) രൂപീകരിക്കേണ്ടതും, അത്തരം സമിതികൾ ഒരു വശത്ത് മുതിർന്ന പൗരൻമാർ, പ്രത്യേകിച്ച് ഒറ്റയ്ക്ക് താമസിക്കുന്നവരുമായും, മറുവശത്ത് പോലീസുമായും, ജില്ലാ ഭരണകൂടവുമായും, സ്ഥിരമായ സമ്പർക്കം ഉറപ്പുവരുത്തേണ്ടതുമാണ്.

എഫ്) ജില്ലകളിലെ പോലീസ് കമ്മീഷണർമാർ അല്ലെങ്കിൽ ജില്ലാ പോലീസ് മേധാവിമാർ, ആരാണോ ബന്ധപ്പെട്ടത് അവർ, മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ കൃത്യമായ ഇടവേളകളിൽ പോലീസ് സ്റ്റേഷൻ മുഖേന മാധ്യമങ്ങളിൽ വ്യാപകമായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ജി) ഓരോ പോലീസ് സ്റ്റേഷനിലും, മുതിർന്ന പൗരന്മാർക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട

എല്ലാ സുപ്രധാന വിവരങ്ങളും ഉൾക്കൊള്ളുന്ന രജിസ്റ്റർ, സംസ്ഥാന സർക്കാർ ഉത്തരവിലൂടെ വ്യക്തമാക്കുന്ന രൂപത്തിൽ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ '**മുതിർന്ന പൗരന്മാർക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ രജിസ്റ്റർ**' എന്നറിയപ്പെടുന്നതാണ്. ഇതിൽ ക്രമ നമ്പർ, പരാതിക്കാരന്റെ പേര്, ക്രൈം നമ്പർ, കുറ്റകൃത്യം ഉൾപ്പെടുന്ന വകുപ്പുകൾ, സംഭവം നടന്ന തീയതി, കേസ് രജിസ്റ്റർ ചെയ്ത തീയതി, കുറ്റവാളിയുടെ പേര്, പ്രതിയെ അറസ്റ്റ് ചെയ്തോ ഇല്ലയോ എന്നുള്ള വിവരം, കേസ് തീർപ്പാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

എച്ച്) ഖണ്ഡം (ജി)-യിൽ പരാമർശിച്ചിട്ടുള്ള രജിസ്റ്റർ, പൊതു പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും, പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്ന എല്ലാ ഓഫീസർമാരും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ തൽസ്ഥിതി കർശനമായി പരിശോധിച്ച് അവലോകനം ചെയ്യേണ്ടതുമാണ്.

ഐ) പോലീസ് സ്റ്റേഷനുകൾ, അത്തരം കുറ്റകൃത്യങ്ങളുടെ പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിയോടെ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി/ പോലീസ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

ജെ) മുതിർന്ന പൗരന്മാർ, അവരുടെ സുരക്ഷ മുൻനിർത്തി അനുവർത്തിക്കേണ്ട Do's and Dont's ന്റെ (ചെയ്യേണ്ടതും, ചെയ്യരുതാത്തതുമായ കാര്യങ്ങളുടെ) പട്ടിക വ്യാപകമായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

കെ) മുതിർന്ന പൗരന്മാർക്കു വേണ്ടി ജോലി ചെയ്യുന്ന വീട്ടുജോലിക്കാരുടെയും മറ്റുള്ളവരുടെയും പൂർവ്വകാലം, അത്തരം പൗരന്മാരിൽ നിന്നും ആയതിന് അഭ്യർത്ഥന ലഭിക്കുന്നത് പ്രകാരം, ഉടൻ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

എൽ) മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കായി, അയൽപക്കങ്ങളിലുള്ള മറ്റ് പൗരന്മാർ, സ്ഥലവാസികളുടെ ക്ഷേമ സമിതികൾ, യുവജന സന്നദ്ധ പ്രവർത്തകർ, സർക്കാരിതര സംഘടനകൾ എന്നിവരുമായി സഹകരിച്ചുകൊണ്ട് ജനകീയ പോലീസിംഗ് നടപ്പിലാക്കേണ്ടതാണ്.

എം) പോലീസ് ആസ്ഥാനത്തു നിന്നും സർക്കാരിലേക്ക് ഒരു ത്രൈമാസ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പോലീസ് കമ്മീഷണർമാർ/ജില്ലാ പോലീസ് മേധാവിമാർ എന്നിവർ, മുതിർന്ന പൗരന്മാർക്കെതിരെ മുൻമാസം ഉണ്ടായ കുറ്റകൃത്യങ്ങളുടെ വിവരങ്ങളും, അന്വേഷണത്തിന്റെ പുരോഗതിയും, രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ വിചാരണയും, പ്രസ്തുത മാസം സ്വീകരിച്ച പ്രതിരോധ നടപടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും 20-ാം തീയതിക്ക് മുൻപ് പോലീസ് ആസ്ഥാനത്തും, ജില്ലാ മജിസ്ട്രേറ്റിനും സമർപ്പിക്കേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹെബ് ഐപിഎസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : ലിസ്റ്റ് ബി-യിലെ എല്ലാ ഓഫീസർമാർക്കും.

പകർപ്പ് : പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാർക്കും സർക്കുലർ ഫയൽ , കേരള പോലീസ് വെബ്സൈറ്റ്.